മുഖ്യമന്ത്രി (ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്) :

(എ) അങ്ങനെ ഒരു കമ്മീഷൻ നിയമിക്കുന്നതു് ഇപ്പോൾ ആവശ്യമാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടിട്ടില്ല.

(ബി) ഇല്ല. പരിഗണനാർഹമായ ഒരു നിർദ്ദേശമാണെന്നു് അഭിപ്രായം വരുന്ന ഒരു മറുപടി പറയുകമാത്രമേ ചെയ്തിട്ടുള്ളൂ.

(സി) ഇല്ല.

ശ്രീ. എൻ. കണപതി : തേവികുളം ഉപതിരഞ്ഞെടുപ്പിനു മുമ്പിയ അനുരഞ്ജനക്കൂട്ടത്തിൽ കമ്മീഷൻ അനുകൂലമാണെന്നു കൂടിനീർക്കൾ അല്ലെയാ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : 'അനുകൂലം' എന്നു് പറഞ്ഞിട്ടില്ല. 'അനുഭാവപൂർണ്ണമായ' എന്നാണു് പറഞ്ഞതു്.

ശ്രീ. എൻ. കണപതി: അതിനു പിന്നീടു് അക്കാര്യം കാട്ടാതിരുന്നതിന്റെ മർമ്മം എന്നാണു് ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്: ദക്ഷിണമേഖലാ കൗൺസിൽ ഒരു ഭാഷാപരമായ ന്യൂനപക്ഷകമ്മീഷനെ രൂപീകരിച്ചിട്ടുണ്ടു്. കമ്മീഷൻ ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണു്. അതിനെസംബന്ധിച്ചു് മൈസൂർ ഗവണ്മെൻറിന്റെയും, മദ്രാസ് ഗവണ്മെൻറിന്റെയും, ആന്ധ്രാ ഗവണ്മെൻറിന്റെയും പ്രതിനിധികളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണു്. കമ്മീഷന്റെ ഒരു യോഗം അടുത്തുതന്നെ കൂടുന്നുണ്ടു്. അതിൽ ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എൻ. കണപതി : എസ്. ആർ. സി. റിപ്പോർട്ടിൻപടി കൊർണർ കൗണ്ടിയിൽ ഒരു കുറു അനുകൂലമുണ്ടു് ഇരുക്കിറതാൽ അതു മാറ്റിയിരി ചെയ്യലാമാ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : ബഹുമാനപ്പെട്ട മെമ്പർ എന്തോ തെറ്റിദ്ധരിച്ചു പറയുകയാണു്.

ശ്രീ. സി. എ. മാത്യു : മൈസൂർ-കേരള അതിർത്തി നിർണ്ണയിക്കുന്നതിനെ സംബന്ധിച്ചു്, മൈസൂരിലെ നേതാക്കന്മാരെ ക്ഷണിക്കുകയോ അവരുമായിട്ടു് ആലോചന നടത്തുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : ഇതിനെ സംബന്ധിച്ചു് മുമ്പു് ഒരു അവസരത്തിൽ ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണു്. ഈ സ്റ്റേറിലെ രാഷ്ട്രീയകക്ഷികളുടെ നേതാക്കന്മാരുടെ സമ്മേളനം വിളിച്ചു കൂട്ടിയിരുന്നു. അതിന്റെ പൊതുവായ അഭിപ്രായഗതി അതിർത്തി മാറ്റുന്നതിനു് എതിരായിരുന്നു.

കർഷകത്തൊഴിലാളികളുടെ മിനിമംവേജു്.

*1324. [3] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാടു ജില്ലയിൽ കർഷകത്തൊഴിലാളികളുടെ മിനിമംവേജു് അസാധുവാക്കിക്കൊണ്ടുള്ള ഹൈക്കോടതി വിധിയിന്മേൽ സുപ്രീംകോർട്ടിൽ അപ്പീൽ ബോധിപ്പിക്കാൻ ഗവണ്മെൻറു് തീരുമാനിച്ചിട്ടുണ്ടോ ?

ഭരണപരവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) : ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ: അപ്പീൽ ഫയൽ ചെയ്യുകഴിഞ്ഞതോ?

ശ്രീ. ടി. വി. തോമസ്: ഫയൽ ചെയ്യുന്നതിനു് ആവശ്യമായ നടപടികളെടുക്കുവാൻ അഡ്വക്കേറ്റു് ജനറലിനോടു് പറഞ്ഞിരിക്കുകയാണു്.

ശ്രീ. ആർ. കൃഷ്ണൻ: കർഷകത്തൊഴിലാളികളുടെ മിനിമംവേജു് അസാധുവാക്കിക്കൊണ്ടുള്ള ഹൈക്കോടതിവിധി സുപ്രീംകോടതി റദ്ദു ചെയ്യുകയാണെങ്കിൽ മിനിമംവേജു് നിലവിലിരുന്നതുമുതൽ അതു് കിട്ടുവാൻ തൊഴിലാളികൾക്കു് അവകാശം ഉണ്ടാകുമോ?

ശ്രീ. ടി. വി. തോമസ്: അതു് തീരുമാനത്തെ ആശ്രയിച്ചിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പു്: എന്തുകാരണംകൊണ്ടാണു് മിനിമംവേജു് അസാധുവാക്കണമെന്നു് ഹൈക്കോടതി അഭിപ്രായപ്പെട്ടതു്?

ശ്രീ. ടി. വി. തോമസ്: മിനിമംവേജു് നടപ്പാക്കുന്നതിനു് രണ്ടുമാസത്തിനുള്ളിൽ എതിർപ്പുണ്ടെങ്കിൽ അറിയിക്കണമെന്നു് പറഞ്ഞിരുന്നു. ക്ലിപ്തമായ തീയതി പറഞ്ഞിരുന്നില്ലെന്നാണു് ഹൈക്കോടതിയുടെ ആക്ഷേപം. അതു് ശരിയല്ലെന്നാണു് ഗവണ്മെൻറിന്റെ അഭിപ്രായം.

അട്ടപ്പാടിയുടെ വികസനത്തിനുള്ള സ്കീമുകൾ.

* 1325. [4] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാടു് ജില്ലയിൽപ്പെട്ടതും മുന്നൂറിലധികം ചതുരശ്രമൈൽ വിസ്തൃതിയുള്ളതും വിഭവസമൃദ്ധമെന്നു് പുകൾപെറ്റതുമായ അട്ടപ്പാടിയുടെ വികസനത്തെ ഉദ്ദേശിച്ചുകൊണ്ടു് ജില്ലാ വികസന കൗൺസിലിൽനിന്നോ, ജില്ലാ കളക്ടരിൽനിന്നോ എന്തെങ്കിലും സ്കീമുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ സർക്കാർ എന്തുചെയ്യാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത പ്രദേശത്തിന്റെ പ്രത്യേകതയെ പരിഗണിച്ചു് ഒരു അട്ടപ്പാടി വികസനബോർഡു് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) ഉണ്ടു്.

(ബി) അവ പരിഗണനയിൽ ഇരിക്കുകയാണു്.

(സി) ഒരു 'അട്ടപ്പാടി വികസനബോർഡു്' രൂപീകരിക്കുവാനുള്ള നിർദ്ദേശം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: അട്ടപ്പാടിയെപ്പോലെതന്നെ വികസനസാദ്ധ്യത ഉള്ളതായ മലയോരപ്രദേശങ്ങളും കേരളത്തിൽ ഉള്ളതുകൊണ്ടു് അപാതുവിൽ അങ്ങനെയുള്ള പ്രദേശങ്ങളുടെ അഭിവൃദ്ധിയെ ലാക്കാക്കി "മലനാടു ബോർഡു്" എന്ന രൂപത്തിൽ ഒരു ബോർഡു് രൂപീകരിക്കുവാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: ഇപ്പോൾ അങ്ങനെ ആലോചനയില്ല. ഇപ്പോൾ അട്ടപ്പാടി സ്കീമിനെപ്പറ്റിയുള്ള നടപടികളാണു് പരിഗണനയിലുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly